പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റ്
കേരളാ റോഡ് ഫണ്ട് ബോർഡ്
(സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഫോർ ഇമ്പ്ലിമെൻറിംഗ് കിഫ്ബി ഫണ്ടഡ് പ്രോജക്ടസ്)
3rd ഫ്ലോർ, സൺറൈസ് അവന്യൂ
കടപ്പാക്കട P.O. കൊല്ലം – 691008
Email: eekrfbklm@gmail.com

തീയതി : 23/01/2022

# ലേല പരസ്യം

പൊതുമരാമത്ത് വകുപ്പ് കേരള റോഡ് ബോർഡ് - പി.എം.യു. കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

ഈ ഓഫീസിന്റെ അധികാര പരിധിയിലുള്ള ആയൂർ - അഞ്ചൽ - പുനലൂർ സ്റ്റേറ്റ് ഹൈവേയുടെ അരികിൽ നിൽക്കുന്ന 149 മരങ്ങൾ 04/02/2022, 11.30 am മണിക്ക് ടി മരം നിൽക്കുന്ന റോഡിൽ കുരിശുമുക്ക് സൈറ്റ് ഓഫീസിൽ പരിസരത്തു വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ളവർ ലേലത്തിന് മുമ്പായി 50,000/- (അമ്പതിനായിരം) രൂപയുടെ നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതും പൊതുമരാമത്തു വകുപ്പിൽ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്. ഏറ്റവും കൂടിയ തുക ലേലം വിളിക്കുന്ന ആളിന്റെ പേർക്ക് ലേലം സ്ഥിരപ്പെടുത്തുന്നതും 5% വനവികസന നികുതിയും, ലേലത്തുകയും വനവികസന നികുതിയും ചേരുന്ന തുകയുടെ 18% GST യും 2.5% TCS ഉം മറ്റു നിയമാനുസൃത നികുതികളും ഉൾപ്പെടെ മുഴുവൻ തുകയും അടക്കേണ്ടതാണ്. ലേലം ഉറപ്പിച്ച ആൾ ടി മരങ്ങൾ 7 ദിവസത്തിനകം ഉദ്യോഗസ്ഥ നിർദ്ദേശ പ്രകാരം സുരക്ഷിതമായി മുറിച്ചു വേരുൾപ്പെടെ പിഴുതു മാറ്റേണ്ടതാണ്. വിശദ വിവരങ്ങൾ ഈ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

ലേലം ഉറപ്പിക്കപ്പെട്ട വ്യക്തി ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഏഴ് ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദത്തിലും ലേല സാധനങ്ങൾ മറ്റു വസ്തുവകകൾക്കു നാശം വരുത്താതെ പ്രസ്തുത പരിസരത്തു നിന്നും നീക്കം ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്തതിനു ശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലത്തുക കണ്ടുകെട്ടി സർക്കാരിനുണ്ടാകുന്ന നഷ്ടം ടിയാനിൽ നിന്നും നിയമപ്രകാരം ഈടാക്കുന്നതാണ്. പ്രസ്തുത സൈറ്റിൽ പ്രസ്തുത സമയം ഹാജരാകാൻ സാധിക്കാത്ത വ്യക്തികൾക്ക് മുദ്ര വച്ച കവറിൽ ഓഫറുകൾ 03/02/2022, 4pm വരെ ഈ ഓഫീസിൽ ലഭ്യമാക്കാവുന്നതാണ്. ആയത് ലേലസമയത്തു പരിഗണിക്കുന്നതാണ്.

(signature)

എക്സിക്യൂട്ടീവ് എഞ്ചിനീയർ

Copy to: KRFB Website
KPWD Website
PWD Roads Division Notice Board
KRFB-PMU Notice Board
Ayur - Anchal junctions
Various Govt. office